ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക വായ്പ സഹകരണ സംഘങ്ങൾ വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കാർഷിക ആവശ്യത്തിന് തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ കാർഷിക വായ്പ അവലോകന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് 3-7-2006-ൽ സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

കാർഷിക ആവശ്യത്തിന് കുറഞ്ഞ നിരക്കിൽ നൽകുന്ന വായ്പ കാർഷികേതര ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ അത്തരം വായ്പകൾ കൈപ്പറ്റിയ തീയതി മുതൽ തന്നെ കാർഷികേതര വായ്പയായി കണക്കാക്കുന്നതിനും ടി വായ്പയ്ക്ക് ബാധകമാക്കിയിട്ടുള്ള പലിശ നിരക്ക് ചുമത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമല്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും തന്നെ കാർഷിക വായ്പ ആവശ്യമുള്ള അർഹതയുള്ള മുഴുവൻ കർഷകർക്കും ലഭ്യമാക്കുന്നതിനും വായ്പയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി പരമാവധി കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുകയും 3-7-2006-ലെ ഉത്തരവ് റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ കാർഷിക വായ്പ വിതരണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണവും, നടത്തിപ്പും കാര്യക്ഷമവും ഫലപ്രദമായി സംഘടിപ്പിക്കുന്നതിനുമായി 22/1/2010-ലെ സ.ഉ.(സാധാ)34/2010/സഹ. നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനലാഭം

26 (4081) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കൺസ്യൂമർ ഫെഡിന്റെ സഞ്ചിത നഷ്ടം എത്ര രൂപ ആയിരുന്നു ;

(ബി) കഴിഞ്ഞ നാലു വർഷകാലത്തിനുള്ളിൽ കൺസ്യൂമർഫെഡിന് പ്രവർത്തന ലാഭമുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2005-06 (31-3-2006-ലെ കണക്കനുസരിച്ച്) കൺസ്യൂമർ ഫെഡിന്റെ സഞ്ചിത നഷ്ടം 56 കോടി രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ നാലു വർഷക്കാലത്തിനുള്ളിൽ കൺസ്യൂമർ ഫെഡറേഷന് പ്രവർത്തനലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

2006-07 - 4.02 കോടി

2007-08 - 10.29 കോടി

2008-09 - 14.30 കോടി

2009-10 - 18.30 കോടി

സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനം

27 (4082) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) പുതു തലമുറയിലെ ബാങ്കുകളുമായി മത്സരിക്കാൻ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ സജ്ജമാക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്കിലെ അക്കൗണ്ട്സ് ആഫീസർ, ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ, 10 കോടി രൂപയിലധികം നിക്ഷേപമുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെയും അർബൻ ബാങ്കുകളിലെയും അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ തസ്തികയിലേയും സമാന തസ്തികകളിലേയും ഒഴിവിന്റെ 25 ശതമാനം നേരിട്ടുള്ള നിയമനം വഴി നികത്തുന്നതിനും ടി തസ്തികയിലേയ്ക്കുള്ള നിയമനത്തിന് എ.ബി.എ./സി.എ./എം.കോം./കേരള അഗ്രിക്കൾച്ചറൽ യൂണിവേഴിസിറ്റിയുടെ എം.എസ്.സി (കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) എന്നിവ അഭിലഷണീയമായ യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിലേയും കേരള സംസ്ഥാന സഹകരണ ബാങ്കിലെ റീജിയണൽ മാനേജർ തസ്തികയിലേയും ഒഴിവിന്റെ 50%-ഉം കേരള സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly